## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1266 — 06.03.2018- ൽ മറുപടിയ്ക്ക്

### റബ്ബർ നേരിടുന്ന വിലത്തകർച്ച

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. രാജു എബ്രഹാം<br>ശ്രീ. കാരാട്ട് റസാഖ്<br>ശ്രീ. ജെയിംസ് മാത്യു<br>ശ്രീ. ഡി.കെ മുരളി | ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ പ്രധാന നാണ്യ വിളയായ റബ്ബർ നേരിടുന്ന വില ത്തകർച്ച പരിഹരിക്കുന്നതിനായി സംസ്ഥാന സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ; ഇതിനായി 2014 - 2018 കാലയ ളവിൽ കേന്ദ്രസർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാ ക്കാമോ; | (എ) ആഭ്യന്തര സ്വാഭാവിക റബ്ബറിന്റെ വില അന്തർദേശീയ വിപണിയിലുണ്ടാകുന്ന ചലനങ്ങളെ ആശ്രയിച്ചിരിക്കുന്നു. ആഭ്യ ന്തര വിപണിയിലും അന്തർദേശിയ വിപണിയിലും റബ്ബറിന്റെ വില കുറയുന്നതിന് ധാരാളം കാരണങ്ങളുണ്ട്. അതിൽ പ്രധാനപ്പെട്ടത് റബ്ബറിന്റെ ലഭ്യത അധികരിച്ചിരിക്കുമ്പോഴും, പ്രധാന ഉപഭോക്താവായ ചൈനയിൽ സ്വാഭാവിക റബ്ബറിന്റെ ഉപയോഗം കുറയുമ്പോഴും, എണ്ണയുടേയും സിൻഡിക്കേറ്റ് റബ്ബറിന്റെ വില കുറയുമ്പോഴുമാണ് സ്വാഭാവിക റബ്ബറിന്റെ വിലയിൽ ഇടിവ് സംഭവി ക്കുന്നത്. എന്നിരുന്നാലും 2014- മുതൽ 2016 ഒക്ടോബർ വരെയും 2017 ജൂൺ മുതൽ ഇതുവരെയും ആഭ്യന്തര സ്വാഭാവിക റബ്ബറിന്റെ വില അന്തർ ദേശീയ വിപണി യേക്കാളും കൂടുതലായിരുന്നു<br><br>2014-2018 കാലയളവിൽ റബ്ബറിന്റെ ഇറക്കുമതി നിയന്ത്രണ വിധേയമാക്കുന്ന തിന് കേന്ദ്ര സർക്കാർ ചുവടെ ചേർക്കും പ്രകാരം ചില നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>1. കയറ്റുമതിക്കുള്ള ബാധ്യതാ കാലാവധി 06 മാസമായി പരിമിതപ്പെടുത്തി.<br>2. ഇറക്കുമതി ചുങ്കം, ഉണക്ക റബ്ബർ 1 കിലോയ്ക്ക് 20%മോ അല്ലെങ്കിൽ പരമാവധി 30 രൂപ എന്ന നിരക്കിൽ 2015 ഏപ്രിൽ മാസം മുതൽ വർദ്ധിപ്പിച്ചു.<br>3. റബ്ബറിന്റെ ഇറക്കുമതി ചെന്നൈയിലെ തുറമുഖം വഴിയും ജവഹർ ലാൽ നെഹ്റു തുറമുഖം വഴിയും മാത്രമായി പരിമിതപ്പെടുത്തി. |

4. Advance Authorisation മുഖേന യുള്ള ഇറക്കുമതി 2016 ജനുവരി 21 മുതൽ 2016 മാർച്ച് 31 വരെയുള്ള കാലയളവിൽ suspend ചെയ്തു.

| | | | |
|---|---|---|---|
| (ബി) | കർഷകരുടെ താൽപര്യത്തിന് വിരുദ്ധമായ ആസിയാൻ കരാറിലെ വ്യവസ്ഥകൾ നീക്കം ചെയ്തിട്ടുണ്ടോ യെന്ന് വ്യക്തമാക്കുമോ; | (ബി) | സ്വാഭാവിക റബ്ബറിന്റെ താരിഫ് ആസിയാൻ കരാറിലെ വ്യവസ്ഥകളിൽ നിന്നും നീക്കപ്പെട്ടിട്ടുണ്ട്. ആസിയാൻ രാജ്യങ്ങളിൽ താരിഫ് കൺസെഷൻ നൽകുന്നില്ല. |
| (സി) | ആഭ്യന്തര സ്വാഭാവിക റബ്ബറിന്റെ വിലയിടിവിനിടയാക്കുന്ന കുത്തക വ്യവസായികളുടെ അനിയന്ത്രിമായ റബ്ബർ ഇറക്കുമതി നിയന്ത്രിക്കാൻ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുമോ? | (സി) | കേന്ദ്ര സർക്കാർ ദേശീയ റബ്ബർ നയം പരിഷ്കരിക്കുമ്പോൾ ചെറുകിട നാമ മാത്ര കർഷകരുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടണമെന്നും, കേന്ദ്രസർക്കാരിന്റെ ലൈവലി ഹുഡ് സെക്യൂരിറ്റി ബോക്സിലും രാജ്യാന്തര വാണിജ്യ - വ്യവസായ കരാറുകളിലും സ്വാഭാവിക റബ്ബറിനെ ഉൾപ്പെടുത്തണമെന്നും, ആസിയാൻ രാജ്യങ്ങളിൽ നിന്നുള്ള റബ്ബർ ഇറക്കുമതിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണണമെന്നും കേന്ദ്ര വാണിജ്യ- വ്യവസായ വകുപ്പ് മന്ത്രിയെ 22/2/2018 –ൽ നേരിൽ കണ്ട് ആവശ്യപ്പെട്ടിട്ടുണ്ട്. ബഹു. കേന്ദ്ര മന്ത്രിയുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ കേരളത്തിലെ റബ്ബർ കർഷകരുടെ വിവിധ ആവശ്യങ്ങൾക്ക് യുദ്ധകാലാടിസ്ഥാനത്തിൽ പരിഹാരം കാണുന്നതിന് കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ പ്രതിനിധികളെ ഉൾപ്പെടുത്തി ഒരു ജോയിന്റ് ടാസ്ക്ഫോഴ്സ് രൂപീകരിക്കുന്നതാണെന്ന് ഉറപ്പ് നൽകിയിട്ടുണ്ട്. കൂടാതെ ഉല്പാദന ചെലവിന് ആനുപാതികമായി സ്വാഭാവിക റബ്ബറിന്റെ വില നിശ്ചയിക്കുന്ന കാര്യവും, റബ്ബറിന് സംസ്ഥാന സർക്കാർ നൽകി വരുന്ന ഉല്പാദക ബോണസ് 150/- രൂപയിൽ നിന്നും 200/-രൂപയായി വർദ്ധിപ്പിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

(signature)

**സെക്ഷൻ ഓഫീസർ**